319/ലെ/18

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ Intern Trainee-കളെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ജി.ഒ(ആർ.റ്റി) നം. 2113/2018/തസ്വഭവ തീയതി 01.08.2018
2) ഈ ഓഫീസിന്റെ 05.09.2018, 28.09.2018 എന്നീ തീയതികളിലെ ഡിബി3-5525/17/സിഇ/തസ്വഭവ നമ്പർ കത്തുകൾ
3) ഈ ഓഫീസിലെ 17.10.2018-ലെ ഡിബി3-5525/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ് നം. ഇ14-5525/2017/സിഇ/തസ്വഭവ തീയതി 2811.2018

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിലുള്ള ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ Intern Trainee-യെ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെപ്പറയും വിധമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് നിയമനം നടത്തേണ്ടത്.

1) നിയമിക്കാൻ തെരഞ്ഞെടുക്കപ്പെടുന്ന Interns, Fresh Engineering Graduate (Civil) ആയിരിക്കണം.
2) Monthly consolidated pay ₹ 10,000/- ആയിരിക്കുന്നതാണ്. ടി തുകയിൽ 50% തുക ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 2515-00-001-86 (PV) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതും, ബാക്കി 50% തുക അതാത് ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്.

സൂചന (2)-ലെ കത്തുകൾ പ്രകാരം, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട്, അവരുടെ ജില്ലകളിലെ ക്ലസ്റ്റർ പഞ്ചായത്തുകളിൽ അതാത് ജില്ലകളിൽ നിന്ന് Interns Trainee-കളെ നിയമിക്കുന്നതിന് സമ്മതമാണോ എന്നും, ആണെങ്കിൽ വേതന ഇനത്തിൽ വരുന്ന തുകയുടെ 50% അതാത് പഞ്ചായത്ത് വഹിച്ചുകൊള്ളാമെന്ന് കാണിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഭരണസമിതി തീരുമാനം

ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം Annexure - A ആയി ചേർത്തിട്ടുള്ള 14 ഗ്രാമപഞ്ചായത്തുകൾ രണ്ടാം ഘട്ടത്തിൽ ഭരണസമിതി തീരുമാനം ഹാജരാക്കുകയുണ്ടായി.

സാമ്പത്തികവർഷത്തിന്റെ പകുതിയിൽ കൂടുതൽ പിന്നിട്ടതിനാലും, പ്ലാൻ ഫണ്ട് വിനിയോഗം യഥാസമയം നടത്തേണ്ടതിനാലും Interns Trainee-കളെ നിയമിച്ച് എത്രയും വേഗം ഉത്തരവ് നൽകേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഇതോടൊപ്പം Annexure - A ആയി ഉൾക്കൊള്ളിച്ചിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ Interns Trainee-കളെ നിയമിക്കുന്നതിന് അനുമതി നൽകുന്നു.

1) നിയമിക്കപ്പെടുന്ന Interns Trainee-കൾ, Fresh Engineering Graduates (Civil) ആയിരിക്കണം.
2) നിയമിക്കപ്പെടുന്നവരുടെ Monthly consolidated pay ₹ 10,000/- ആയിരിക്കുന്നതാണ്. ഇതിൽ ₹ 5,000/- രൂപ ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 2515-00-001-86 (PV) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതും, ബാക്കി ₹ 5,000/- രൂപ അതാത് ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്. എന്നാൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് കൃത്യസമയത്ത് വേതനം ഉറപ്പുവരുത്തുന്നതിനായി ആദ്യത്തെ 6 മാസത്തെ വേതനം മുഴുവനായി (6 x 10,000 = 60,000) മേൽ ശീർഷകത്തിൽ നിന്ന് നൽകുന്നതും, അടുത്ത 6 മാസത്തെ വേതനം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്. ഇതിലേയ്ക്കായി ആദ്യത്തെ മൂന്ന് മാസത്തേയ്ക്കുള്ള തുക മുൻകൂറായി അനുവദിക്കുന്നതും, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് അടുത്ത മൂന്ന് മാസത്തേയ്ക്കുള്ള തുക അനുവദിക്കുന്നതുമാണ്.
3) കഴിവതും അതാത് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്നവരെ Interns Trainee ആയി നിയമിക്കേണ്ടതാണ്. ടി നിയമനം അതാത് ഗ്രാമപഞ്ചായത്ത് അധികൃതർ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് നടത്തേണ്ടതാണ്. ടി നിയമനത്തിന് വേണ്ടിയുള്ള Interview board-ൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറെയും, ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ഉൾപ്പെടുത്തേണ്ടതാണ്.

4) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നിയമനത്തിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതും, ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം യോഗ്യരായ ഉദ്യോഗാർത്ഥിയെ നിയമിക്കേണ്ടതുമാണ്.

5) ഭരണസമിതി തീരുമാനം എടുക്കാത്ത ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിയമനം നടത്തിയാൽ, ടി ജീവനക്കാർക്ക് വേതനം ലഭിക്കാതെവരുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം അതിൽ ഈ ഓഫീസിന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

ഇതോടൊപ്പം ചേർത്തിട്ടുള്ള )1 ,പ്രൊഫോർമ ((2) സർട്ടിഫിക്കറ്റ് എന്നിവ യഥാക്രമം നിയമിക്കപ്പെടുന്ന Trainee-യും (പ്രൊഫോർമ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്), ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും യഥാവിധി പൂരിപ്പിച്ച് scanned copy ആയി celsgd@gmail.com എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതും, ആയതിന്റെ അസ്സൽ ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന രേഖകളും നിർബന്ധമായും ഈ കാര്യാലയത്തിൽ 2 .സമർപ്പിക്കേണ്ടതാണ്

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് Annexure A-ൽ സൂചിപ്പിച്ചിരിക്കുന്ന 14 ഗ്രാമപഞ്ചായത്തുകളിൽ Interns Trainee-കളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**ചീഫ് എഞ്ചിനീയർ**

പകർപ്പ് : 1) ബന്ധപ്പെട്ട ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ / സെക്രട്ടറിമാർ / അസി. എഞ്ചിനീയർമാർ - തുടർ നടപടികൾക്കായി

2) അക്കൗണ്ടന്റ് ജനറൽ, എ & ഇ, കേരള, തിരുവനന്തപുരം
3) ജില്ലകളിലെ എക്സി. എഞ്ചിനീയർമാർക്ക് - തുടർനടപടികൾക്കായി
4) ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർമാർക്ക് - തുടർനടപടികൾക്കായി
5) കരുതൽ ഫയൽ

| | | |
|---|---|---|
| ANNEXURE-A | | |
| SECOND TIER ALLOCATION OF INETERN TRAINEES IN CLUSTER GP's | | |
| **SL NO** | **NAME OF GRAMAPANCHAYATH** | **NO AND DATE OF COMMITTEE RESOLUTION** |
| | **KASARAGOD** | |
| **1** | Valiyaparamba | 19/18(2) Dtd 28/09/18 |
| | **KANNUR** | |
| **2** | Kurumattoor | 168/18(1) Dtd 11/09/18 |
| **3** | Narathu | 163/2018(7) Dtd 11/09/18 |
| **4** | Kolachery | 158/2018(1) Dtd 07/09/18 |
| **5** | Eranholi | 178/18(1) Dtd 07/09/18 |
| **6** | Peravoor | 2018/19 Dtd 11/09/18 |
| | **KOZHIKODE** | |
| **7** | Naripatta | 17/1 Dtd 18/09/18 |
| | **MALAPPURAM** | |
| **8** | Makaraparamba | 14(1) Dtd 07/09/18 |
| | **PALAKKAD** | |
| **9** | Mannoor | 1/5 Dtd 26/09/18 |
| | **ALAPPUZHA** | |
| **10** | Krishnapuram | 23(1) Dtd 26/10/18 |
| | **KOTTAYAM** | |
| **11** | Akalakkunnam | 2(1) Dtd 29/10/18 |
| | **PATHANAMTHITTA** | |
| **12** | Malayalappuzha | 9(1) Dtd 16/10/18 |
| **13** | Pramadom | 7(1) 03/10/18 |
| | **KOLLAM** | |
| **14** | Pattazhi | 1/1 Dtd 31/10/18 |

# Proforma

Photo

***(Issued by the Chief Engineer, LSGD for the purpose of appointing intern trainees in Cluster Grama Panchayaths)***

| | | | |
|---|---|---|---|
| 1) | Name | : | |
| 2) | Name of LSGI | : | |
| 3) | No. & Date of Committee Resolution / Appointment Order of LSGI by which the trainee is appointed | : | |
| 4) | Agreement No. | | |
| 5) | Age & Date of Birth | : | |
| 6) | Name of Father / Mother/ Spouse | : | |
| 7) | Religion / Caste | : | |
| 8) | Communication Address | : | |
| 9) | Permanent Address | : | |
| 10) | Mobile No. | : | |
| 11) | Email ID | : | |
| 12) | Aadhaar No / Any other ID Card No. (Please Specify) | : | |
| 13) | Educational Qualification | : | |
| 14) | Name of College & University of Graduation | : | |
| 15) | Experience if any | : | |
| 16) | Identification Marks | : | 1) |
| | | | 2) |
| 17) | Specimen Signature | : | 1) |
| | | | 2) |
| | | | 3) |

I certify that the details furnished by the incumbent in this proforma is verified with the corroborative document submitted to this office and found correct. The trainee made his / her specimen signature in the proforma in the presence of me.

Place:
Date:

Office Seal

Seal

# CERTIFICATE

*(The Certificate is issued only for the purpose of submitting it before the Chief Engineer, LSGD for the appointment of Intern Apprentice Trainee)*

I ................................... The Secretary of............................................... Grama Panchyath, hereby certify that the Committee of .............................. GP has decided to appoint an Intern Apprentice Trainee to the Office of Assistant Engineer ..............................GP, and to bear 50% of the sanctioned monthly consolidated pay [ie; (10,000/2) *12=60,000/-] vide Committee Resolution No. ................................................ Dated ........................

Accordingly, Mr/Mrs/Miss ......................................................................... ................................................................................................................................ ...............................................................................................(Name and Address) who is a fresh Engineering Graduate (Civil) has been appointed as Intern Apprentice Trainee on ......................FN/AN for a period of one year in .................................... Grama Panchayath, vide Committee Resolution No. .................... Dated ........................

As the total sanctioned consolidated pay to a trainee for a year is 1,20,000/- (10,000*12=1,20,000/-) and half of this amount is allocated by Chief Engineer LSGD from Budget Head 2515-00-001-86 (PV) for the first six months in full ie; (10,000*6=60,000/-) for ensuring the disbursement of payment in time, the ........................................ GP will sanction its part ie; (10,000*6=60,000/-) for the succeeding six months of the contract period.

An agreement is executed between me and the incumbent to this effect with Agreement No ..................................... Dated ..................... This appointment is purely on contract basis for a period of One year only and the contract will expire on ........................

Place:
Date:

Office Seal                                                                                    Seal